**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4000** **17-03-2025 - ൽ മറുപടിയ്ക്ക്**

**പുനലൂർ താലൂക്ക് ഹൈടെക് ആശുപത്രിയിൽ എസ് .ഐ. എം.ഇ.ടി കോളേജിന്റെ നഴ്സിങ് കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ താലൂക്ക് ഹൈടെക് ആശുപത്രിയിൽ എസ് .ഐ. എം.ഇ.ടി കോളേജിന്റെ നഴ്സിങ് കോഴ്സ് ആരംഭിക്കുന്നതിന് നിലവിലെ സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 03.10.2023 തീയതിയിലെ സ.ഉ (കൈ) നം. 272/2023/ആ.കു.വ പ്രകാരം കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ പത്തനാപുരത്ത് പുതുതായി ആരംഭിക്കുന്ന നേഴ്സിംഗ് കോളേജിന്റെ മാതൃ ആശുപത്രിയായി പുനലൂർ താലൂക്ക് ആശുപത്രി അനുവദിച്ചുനൽകിയിരുന്നു. 05.07.2024-ലെ സ.ഉ (കൈ) നം. 143/2024/ആ.കു.വ പ്രകാരം പ്രസ്തുത കോളേജിന് സർക്കാർ നിരാക്ഷേപ പത്രം നൽകി. ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ മാനദണ്ഡപ്രകാരം ഒരു നേഴ്സിംഗ് കോളേജിന്റെ മാതൃ ആശുപത്രിയുടെ ക്ലിനിക്കൽ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മറ്റൊരു നേഴ്സിംഗ് കോളേജിന് പ്രവർത്തിക്കാൻ സാധിക്കുകയില്ല. ഒരു ആശുപത്രിയെ ഒന്നിലധികം നേഴ്സിംഗ് കോളേജുകളുടെ മാതൃ ആശുപത്രിയായി പരിഗണിക്കാൻ സാധിക്കാത്തതിനാൽ പുനലൂർ താലൂക്ക് ഹൈടെക് ആശുപത്രിയോടനുബന്ധമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ & ടെക്നോളജി (SIMET) -ന് കീഴിൽ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കാൻ നിർവ്വാഹമില്ല. |
| (ബി) | ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (ബി) | 03.10.2023 തീയതിയിലെ സ.ഉ (കൈ) നം. 272/2023/ആ.കു.വ പ്രകാരം കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ പത്തനാപുരത്ത് പുതുതായി ആരംഭിക്കുന്ന നേഴ്സിംഗ് കോളേജിന്റെ മാതൃ ആശുപത്രിയായി പുനലൂർ താലൂക്ക് ആശുപത്രി അനുവദിച്ചുനൽകിയിരുന്നു. 05.07.2024-ലെ സ.ഉ (കൈ) നം. 143/2024/ആ.കു.വ പ്രകാരം പ്രസ്തുത കോളേജിന് സർക്കാർ നിരാക്ഷേപ പത്രം നൽകി. ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ മാനദണ്ഡപ്രകാരം ഒരു നേഴ്സിംഗ് കോളേജിന്റെ മാതൃ ആശുപത്രിയുടെ ക്ലിനിക്കൽ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മറ്റൊരു നേഴ്സിംഗ് കോളേജിന് പ്രവർത്തിക്കാൻ സാധിക്കുകയില്ല. ഒരു ആശുപത്രിയെ |

| | | | |
|---|---|---|---|
| | | | ഒന്നിലധികം നേഴ്സിംഗ് കോളേജുകളുടെ മാതൃ ആശുപത്രിയായി പരിഗണിക്കാൻ സാധിക്കാത്തതിനാൽ പുനലൂർ താലൂക്ക് ഹൈടെക് ആശുപത്രിയോടനുബന്ധമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ & ടെക്നോളജി (SIMET) -ന് കീഴിൽ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കാൻ നിർവ്വാഹമില്ല. |
| (സി) | കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തിന് പുറത്ത് നഴ്സിംഗ് പഠനം പൂർത്തിയാക്കുകയും കേരളത്തിലെ നഴ്സിംഗ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വിദ്യാർത്ഥികളുടെ എണ്ണം അറിയിക്കാമോ; | (സി) | കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തിന് പുറത്ത് നേഴ്സിംഗ് പഠനം പൂർത്തിയാക്കി കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം **അനുബന്ധം -1** ആയി ചേർക്കുന്നു. |
| (ഡി) | എസ് .ഐ. എം.ഇ.ടി കോളേജിന്റെ നഴ്സിങ് കോഴ്സുകളും പാരാമെഡിക്കൽ കോഴ്സുകളും ആരംഭിക്കുന്നതിന്, ഉറപ്പുവരുത്തേണ്ട അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | 17.02.2012- ലെ സ.ഉ (അച്ചടി) നം. 64/2012/ ആ.കു.വ, Indian Nursing Council [Revised Regulations and Curriculum for B.Sc. (Nursing) Program] Regulations, 2020 എന്നിവയിൽ നിഷ്കർഷിക്കുന്ന ഭൗതിക/ക്ലിനിക്കൽ സൗകര്യങ്ങൾ ഉണ്ടെങ്കിൽ മാത്രമെ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കാൻ നിരാക്ഷേപ പത്രത്തിന് അർഹത നേടുകയുള്ളൂ. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ Minimum Standard Requirements (MSR) ആണ് 31 പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| വർഷം | രജിസ്റ്റർ ചെയ്തവരുടെ എണ്ണം | | |
|---|---|---|---|
| | ബി.എസ്.സി നഴ്സിംഗ് | ജനറൽ നഴ്സിംഗ് | ആക്സിലറി നഴ്സിംഗ് & മിഡ്‌വൈഫ് |
| 2020 | 3524 | 1117 | 1 |
| 2021 | 4113 | 1419 | 4 |
| 2022 | 3603 | 1257 | 4 |
| 2023 | 5061 | 1059 | 3 |
| 2024 | 6855 | 1450 | 1 |